**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 858** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ്സ് കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇ-ഗ്രാന്റ്സ് വിതരണത്തിൽ നിലവിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഇ-ഗ്രാന്റ്സ് വിതരണത്തിൽ പട്ടികജാതി വിദ്യാർഥികൾക്ക് 203.7 കോടി രൂപയും, പട്ടികവർഗ വിദ്യാർഥികൾക്ക് 14.59 കോടി രൂപയും, പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് 295. 48 കോടി രൂപയും നിലവിൽ കുടിശ്ശികയുണ്ട്. ഈ കുടിശ്ശിക ഈ സാമ്പത്തിക വർഷം വിതരണം ചെയ്ത് വരുന്നു. |
| (ബി) | ഇ-ഗ്രാന്റ്സ് വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ വരുത്തിയ കാലതാമസം കാരണം സ്കോളർഷിപ്പ് കുടിശ്ശികയാവാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുകയും കുടിശ്ശിക തുക അനുവദിച്ച് വരികയും ചെയ്യുന്നു<br><br>2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ, 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് വരുന്നു.<br><br>കുടിശിക അനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ